# കിഴൂർ എ.യു.പി സ്കൂൾ

പി.ഒ കിഴൂർ, മേലടി ഉപജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



# പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കിഴൂർ.എ.യു.പി.സ്കൂൾ |
| ക്ലസ്റ്റർ (സി.ആർ.സി.) | : | |
| ഉപജില്ല | : | മേലടി |
| മുനിസിപ്പാലിറ്റി | : | പയ്യോളി |
| ബ്ലോക്ക് | : | മേലടി |
| ജില്ല | : | കോഴിക്കോട് |
| ഹെഡ്മാസ്റ്റർ | : | സുജിത്ത് കുമാർ എസ് |
| മൊബൈൽ | : | 9605240304 |

## പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത നിലവാരത്തിലെത്താനുള്ള സാഹചര്യം ഒരുക്കുക.
- മുഴുവൻ വിദ്യാർത്ഥികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകി, സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലെത്താനുള്ള അവസരം നൽകുക.
- മികച്ച ശാരീരിക-മാനസിക, വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- മാതൃഭാഷയ്ക്കൊപ്പം ഹിന്ദിയിലും, ഇംഗ്ലീഷിലും പ്രാവീണ്യം നൽകുക.
- ആരോഗ്യപരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും, തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് വളർത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, ശ്രദ്ധ എന്നിവയ്ക്കായി ജനകീയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക.
- പാരിസ്ഥിതിക അവബോധം, സാമൂഹ്യബോധം, മാലിന്യനിർമ്മാർജന അവബോധം, വിമർശന അവബോധം എന്നിവ വളർത്തുക.
- സമഗ്രമായ മൂല്യനിർണ്ണയ പ്രക്രിയ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി ഉപയോഗിക്കുക.
- സമയബന്ധിതമായ മോണിറ്ററിംഗ് ഉറപ്പുവരുത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## തായ്മൊഴി– തങ്കമൊഴി

## മലയാളം–യു.പി.

**ആമുഖം**

പൊതുവിദ്യാലയങ്ങളിൽ മാതൃഭാഷാപഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് കുട്ടിയുടെ സർവതോന്മുഖമായ വളർച്ച ലക്ഷ്യം വെയ്ക്കുന്ന പഠനാന്തരീക്ഷം ഒരുങ്ങുകയാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലയാണ് മാതൃഭാഷ. ഒരു സമൂഹത്തിന്റെ സാംസ്കാരികവളർച്ചയും ഉയർന്ന ജനാധിപത്യബോധവും മാതൃഭാഷയിലൂടെയുള്ള വായന, ചിന്ത എന്നിവയ്ക്ക് നൽകുന്ന പ്രാധാന്യത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊുതന്നെ കുട്ടിയുടെ സമഗ്ര വ്യക്തിത്വ വികസനത്തിൽ മാതൃഭാഷയ്ക്കുള്ള പങ്ക് ഞങ്ങൾ ഉൾക്കൊള്ളുന്നു. എസ്.ആർ.ജി.യിലും, സബ്ജക്ട് കൗൺസിലിലും ചർച്ച ചെയ്തുകത്തെിയ പ്രശ്നങ്ങളും അതിന്റെ പരിഹാര നിർദ്ദേശങ്ങളുമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**പ്രശ്നങ്ങൾ:**

**അക്കാദമികം:–**

- 1 മുതൽ 7 വരെ ക്ലാസ്സുകളിലെ ധാരാളം വിദ്യാർത്ഥികൾക്ക് അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ കൃത്യമായി അറിയുന്നില്ല.
- പഠനപ്രവർത്തനത്തിന്റെ ഭാഗമായി, പഠനോപകരണങ്ങൾ, ഐ.സി.ടി.സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേത്ര പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.
- പാഠപുസ്തകത്തിനപ്പുറത്തേക്ക് വായന വളരുന്നില്ല.
- പഠനം ബുദ്ധിമുട്ടാണെന്ന മുൻവിധിയും താൽപ്പര്യക്കുറവും.

**ഭൗതികം:–**

- ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്താൻ ക്ലാസ് മുറികൾ സജ്ജമല്ല.
- പുതിയ രീതിയിൽ സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ഓഡിയോ വിഷ്വൽ ലൈബ്രറി എന്നിവയുടെ അഭാവം.

**സാമൂഹികം:–**

- വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നത്തിനും, പി.ടി.എ.യുടെയും സമൂഹത്തിന്റെയും പങ്കാളിത്തക്കുറവ്.

| മേഖല : അക്കാദമികം | | വിഷയം : മലയാളം |
|---|---|---|
| **പ്രശ്നം: 1. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്ത, പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് എത്താത്ത ധാരാളം വിദ്യാർത്ഥികൾ.** | | |
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനങ്ങൾ** |
| **കുട്ടികൾ:** | | |
| മുൻക്ലാസുകളിൽ ആർജിക്കേ ശേഷികൾ എല്ലാവരും നേടിയിട്ടില്ല. | പ്രീ ടെസ്റ്റ് നടത്തി നില നിർണ്ണയിക്കൽ. | പ്രീടെസ്റ്റ് |
| വായനാപ്രവർത്തനങ്ങളുടെ കുറവ്. | | |
| താൽപര്യമില്ലായ്മ. | | താൽപര്യമുണർത്തുന്ന കഥകൾ, കവിതകൾ. |
| **അധ്യാപകർ:** | | |
| മുഴുവൻ കുട്ടികളേയയും പരിഗണിച്ച് ക്ലാസ് എടുക്കാനാവുന്നില്ല. | മുഴുവൻ കുട്ടികളെയയും പരിഗണിക്കുന്ന ക്ലാസ് ആസൂത്രണം. | പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവും ഐ. സി. ടി. അധിഷ്ഠിതവുമായ ക്ലാസ് ആസൂത്രണം. |
| കൃത്യമായ ആസൂത്രണത്തിന്റെ അഭാവം. | | |
| വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല. | വൈവിധ്യപൂർണവും രസകരവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | |
| **സംവിധാനം:** | | |
| കുട്ടികളുടെ എണ്ണം കൂടുതൽ. | | സി.പി.ടി.എ. |
| സമയക്കുറവ്. | രക്ഷിതാക്കൾക്ക് ബോധവൽക്കരണ പരിപാടികൾ, ശില്പശാലകൾ. | കഥ, കവിത, നാടക ശില്പശാലകൾ. |
| തത്സമയ സഹായ. സംവിധാനമില്ല. | | |
| **രക്ഷിതാക്കൾ:** | | |
| രക്ഷാകർത്താക്കൾ വിദ്യാലയവുമായി വേത്ര ബന്ധപ്പെടുന്നില്ല. | രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ. | അമ്മ വായന. |
| കുട്ടികളുടെ പഠനനില തിരിച്ചറിയുന്നില്ല. | | |
| വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല. | | |

**പ്രശ്നം: 2. പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി.സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.**

| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനങ്ങൾ** |
|---|---|---|
| **കുട്ടികൾ:**<br>വീട്ടിലെ പ്രശ്നങ്ങൾ.<br>താൽപര്യമുള്ള വായനാസാമഗ്രികളുടെ അഭാവം.<br>പഠനശൈലിയിലുള്ള വ്യത്യാസം. | രക്ഷാകർതൃ ബോധവൽക്കരണം.<br>പഠനോപകരണ നിർമ്മാണം. | ബോധവൽക്കരണ ക്ലാസ്സുകൾ വിദ്യാഭ്യാസ പ്രവർത്തകരുടെ.<br>പഠനോപകരണ നിർമ്മാണ ശില്പശാലകൾ. |
| **അധ്യാപകർ:**<br>പഠനസാമഗ്രികളുടെ അഭാവം.<br>സൂക്ഷ്മതല പ്രവർത്തനങ്ങൾ ആസൂത്രണമില്ലായ്മ.<br>ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ലായ്മ. | ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ.<br>ഐ.സി.ടി. സംവിധാനമൊരുക്കൽ.<br>ക്ലാസ് ലൈബ്രറി. | ഐ.സി.ടി. പരിശീലനം അധ്യാപകർക്കും, കുട്ടികൾക്കും.<br>ക്ലാസ് മുറിയിൽ ആവശ്യമായ മുഴുവൻ സംവിധാനവുമൊരുക്കൽ. |
| **രക്ഷിതാക്കൾ:**<br>സാമ്പത്തികം.<br>കുട്ടികളുടെ യഥാർത്ഥ പ്രശ്നം മനസിലാക്കായ്ക. | | |
| **സംവിധാനം:**<br>സമയക്കുറവ്.<br>പരിശീലനക്കുറവ്. | | |

**പ്രശ്നം: 3. സർഗാത്മക പ്രവർത്തനങ്ങൾക്ക് വേത്ര പ്രാധാന്യമില്ലായ്മ.**

| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനങ്ങൾ** |
|---|---|---|
| **കുട്ടികൾ:** | | |
| ഭാഷാവ്യവഹാര രൂപങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.<br>ആത്മവിശ്വാസമില്ലായ്മ.<br>വേദികളുടെയും, അവസരങ്ങളുടെയും പ്രോത്സാഹനങ്ങളുടെയും കുറവ്. | വായനാ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കൽ.<br>സാഹിത്യസമാജപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ.<br>ലൈബ്രറിയിൽ കുട്ടികൾക്ക് ആവശ്യാനുസരണം സൗകര്യങ്ങൾ ലഭ്യമാക്കൽ. | കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ, സ്കൂൾ മാഗസിൻ.<br>മാസത്തിലൊരിക്കൽ ക്ലാസ്തല സാഹിത്യ സമാജങ്ങൾ സംഘടിപ്പിക്കൽ. |
| **അധ്യാപകർ:** | | |
| കുട്ടികളുടെ സർഗാത്മക ശേഷികൾ കണ്ടെത്തുന്നില്ല.<br>പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നില്ല. | കുട്ടികൾക്ക് പ്രോത്സാഹനം നൽകുക. | കൈയ്യെഴുത്തു മാസിക.<br>ചുമർ മാസിക. |
| **സംവിധാനം:** | | |
| എല്ലാവർക്കും അവസരം നൽകുന്നില്ല. | സി.പി.ടി.എ.യിൽ ബോധ്യപ്പെടുത്തുക.<br>എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കുന്ന സ്ഥിരം സംവിധാനം. | അനുദിനം 5 പേർക്ക് അവസരമൊരുക്കൽ.<br>വിദ്യാലയത്തിൽ റേഡിയോ പ്രക്ഷേപണ യൂനിറ്റ്. |
| **രക്ഷിതാക്കൾ** | | |
| കുട്ടികളുടെ സർഗാത്മക താൽപര്യങ്ങൾ പരിഗണിക്കുന്നില്ല. | | |

**പ്രശ്നം: 4. പഠനപ്രശ്നങ്ങൾ കത്തെി പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.**

| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനങ്ങൾ** |
|---|---|---|
| **കുട്ടികൾ:**<br>പഠനപുരോഗതി സ്വയം മനസിലാക്കാൻ കഴിയുന്നില്ല.<br>സ്വയം മെച്ചപ്പെടാൻ ശ്രമിക്കുന്നില്ല. | ക്ലാസ് ലൈബ്രറി,<br>വായനാമൂല എന്നിവ ശക്തിപ്പെടുത്തുക. | ക്ലാസ് ലൈബ്രറി നിർമ്മിക്കുക. |
| **അധ്യാപകർ:**<br>നിരന്തര വിലയിരുത്തലിനുള്ള പ്രക്രിയകൾ ആസൂത്രണത്തിലില്ല.<br>കുട്ടുകളുടെ എണ്ണം കൂടുതൽ കൊ് നിരന്തരമൂല്യനിർണ്ണയം കൃത്യമായി നടത്താൻ പ്രയാസം നേരിടുന്നു. | ഗവേഷണ അധ്യാപനത്തിന് സഹായകമായ ഗൈഡൻസ്.<br>വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ.<br>പഞ്ചായത്തിലെ അധ്യാപക കൂട്ടായ്മ.<br>നിരന്തര മൂല്യനിർണ്ണയത്തിന് പ്രാധാന്യം നൽകുന്ന പാഠാസൂത്രണം. | ആക്ഷൻ റിസർച്ചിന്റെ പരിശീലനം.<br>ശില്പശാല<br>പഠനയാത്ര.<br>ഭാഷാധ്യാപക കൂട്ടായ്മ, സെമിനാർ.<br>പാഠാസൂത്രണശില്പശാല |
| **സംവിധാനം:**<br>ക്ലാസ് ലൈബ്രറി ഫലപ്രദമല്ല.<br>ഗവേഷണ അധ്യാപനം പ്രോത്സാഹിപ്പിക്കുന്നില്ല. | | |
| **രക്ഷിതാക്കൾ**<br>കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയാൻ സാധിക്കുന്നില്ല. | | |

## പരിഹാര പ്രവർത്തനം-വിശദാംശങ്ങൾ

**പ്രീടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ്:**

നില തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നൽകി. സ്കൂൾ തുറന്ന് ആദ്യത്തെ ആഴ്ചയിൽ വായന, എഴുത്ത് എന്നീ അടിസ്ഥാനശേഷിയിൽ കുട്ടികളുടെ നില തിരിച്ചറിഞ്ഞ് - (ഉദാ: അവധിക്കാല അനുഭവം, എന്റെ വീട്)-ഉത്തരക്കടലാസുകൾ സൂക്ഷിച്ചുവെക്കുക. നിശ്ചിത മണിക്കൂർ പരിഹാര ബോധന പ്രവർത്തനം. പ്രീ ടെസ്റ്റിന്റെ ടൂൾ തന്നെ വീും നൽകി മാറ്റം രേഖപ്പെടുത്തൽ. റിപ്പോർട്ട് സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി, പി.ടി.എ. എന്നിവിടങ്ങളിൽ അവതരിപ്പിക്കുക(മലയാളത്തിളക്കം).

**അടിസ്ഥാനശേഷി വികസന പരിപാടി:**

പഠനനില കത്തെി, പാക്കേജ് തയ്യാറാക്കി, വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നൽകണം. പാഠ്യപദ്ധതിയിലുള്ള ഭാഷാപഠന സമീപനം അടിസ്ഥാനമാക്കി, വായിച്ച് ആശയം ഗ്രഹിക്കാനും എഴുതി പ്രകടിപ്പിക്കാനും രസകരമായ കഥകൾ, കവിതകൾ ഉപയോഗിക്കുന്നു.

**പാഠാസൂത്രണം:**

അടിസ്ഥാന ശേഷി എല്ലാ കുട്ടികൾക്കും എത്തിക്കഴിഞ്ഞാൽ അത് നഷ്ടപ്പെടുത്താതെ നോക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധിപ്പിച്ച് പോകുന്ന ആസൂത്രണം. ശിൽപശാലകൾ, ഐ.സി.ടി.വിദഗ്ധർ, ഭാഷാധ്യാപകർ ചേർന്ന് ഓരോ പാഠത്തിന്റെയും പഠനനേട്ടങ്ങൾ എല്ലാവർക്കും എത്തിക്കുന്നതിനായി പ്രക്രിയാബന്ധിതവും, ഐ.സി.ടി. അധിഷ്ഠിതവുമായ സൂക്ഷ്മതല ആസൂത്രണം. (ഐ.ടി. പരിശീലനം, ടീച്ചിംഗ് മാന്വൽ തയ്യാറാക്കൽ).

**സി.പി.ടി.എ.:**

എല്ലാ മാസവും സി.പി.ടി.എ. മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, പഠനനില വിലയിരുത്തൽ, തുടർപഠനത്തിൽ രക്ഷിതാവിന്റെ റോൾ നിശ്ചയിക്കൽ, തീരുമാനമെടുക്കൽ.

**ശിൽപശാലകൾ:**

ക്ലാസ് തലത്തിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച്-പാഠഭാഗത്തിലെ കഥകൾ ഉള്ളടക്കമാവണം. കഥാപരിചയം, കഥാസ്വാദനം, നാടകീകരണം, കഥാകൃത്ത്,

ഭാഷാധ്യാപകർ, സാഹിത്യാസ്വാദകർ, പ്രാദേശിക കഥാകൃത്തുക്കൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ജനകീയ പങ്കാളിത്തം. ശിൽപശാല ഡോക്യുമെന്റ് ചെയ്യാം, നാടകക്യാമ്പുകൾ, കുട്ടികളുടെ മാറ്റം അടയാളപ്പെടുത്തുക.

**പഠനോപകരണ ശിൽപശാല:**

വൈവിധ്യമാർന്ന പഠനോപകരണങ്ങൾ, വായനാ സാമഗ്രികൾ, വർക്ക് ഷീറ്റുകൾ, മുഖംമൂടി, തൊപ്പികൾ, ടീച്ചർ വേർഷൻ മുതലായവ. സർഗ്ഗാത്മക രചന നടത്താൻ കഴിയുന്നവരെ പങ്കെടുപ്പിക്കണം. രക്ഷിതാക്കളുടെ പങ്കാളിത്തം, ചിത്രവര, ഡി.ടി.പി എന്നിവ അറിയുന്നവരെ പങ്കെടുപ്പിക്കണം.

**ഹൈടെക് ക്ലാസ് മുറികൾ:**

ക്ലാസ് മുറിയിലെ ബാക്കി പ്രവർത്തനങ്ങൾ പൂർത്തിയാക്കുക. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള പരിശീലനം അധ്യാപകർക്ക് സമയബന്ധിതമായി ലഭിക്കണം.

**ക്ലാസ് ലൈബ്രറിയും വായനാമൂലയും:**

കുട്ടികൾ സ്വയം അറിവു നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്ന പാഠ്യപദ്ധതിയ്ക്ക് കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം സ്വയം പഠനത്തിലേക്ക് നയിക്കുന്നു. ഒരു ക്ലാസിലേക്ക് വേ മുഴുവൻ വിഷയങ്ങൾക്കും ആവശ്യമായ പുസ്തകങ്ങൾ, ഡിക്ഷണറികൾ എന്നിവ ഉായിരിക്കണം. ഇത് സൂക്ഷിക്കാനുള്ള അലമാര അധ്യാപകന്റെ നേതൃത്വത്തിൽ നടക്കണം.

**പഠനയാത്ര:**

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സ്ഥലങ്ങളും സന്ദർശിക്കൽ, രക്ഷിതാക്കളും അധ്യാപകരും ചേർന്ന്. ഡോക്യുമെന്റേഷൻ നടത്തണം. മാതൃഭാഷയോടും സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്താൻ ഇത് സഹായിക്കുന്നു.

**കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ:**

കൈയ്യെഴുത്തു മാസികകൾ, കുട്ടിപ്പത്രങ്ങൾ, സാഹിത്യചർച്ചകൾ,സാഹിത്യക്യാമ്പുകൾ എന്നിവ ഒരു പേപ്പറിൽ ഒന്നെങ്കിലുംനടക്കണം. കഥയരങ്ങ്, കവിതയരങ്ങ് എന്നിവ ഒരു ടേമിൽ ഒന്ന് എന്ന രീതിയിൽ നടപ്പിലാക്കാം.

## വിശകലനം

| മേഖല : അക്കാദമികം | | | | വിഷയം : മലയാളം |
|---|---|---|---|---|

പ്രശ്നം: അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികൾ ഉ്.

പ്രവർത്തനം: 1.1. പ്രീടെസ്റ്റ്

ലക്ഷ്യം: 5, 6, 7 ക്ലാസ്സുകളിലെ കുട്ടികളുടെ ഭാഷാജ്ഞാനത്തിന്റെ നിലവിലുള്ള അവസ്ഥ അറിയുക.

('നില അറിയാം')

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എന്ത്? എപ്പോൾ? എങ്ങനെ? 'നില അറിയൽ' കണ്ടെത്താനുള്ള പ്രവർത്തനം | വിഷയസമിതി | മെയ് 20 സബ്ജക്ട് കൗൺസിൽ | | |
| ചോദ്യാവലി നിർമ്മാണം | വിഷയസമിതി | മെയ് 25 | 2000/- | പി.ടി.എ |
| പ്രീ ടെസ്റ്റ് നടത്തിപ്പ് | ക്ലാസ് ടീച്ചർ വിഷയസമിതി | ജൂൺ 4 | | |
| മൂല്യനിർമയം ഫലവിശകലനം. | ക്ലാസ് ടീച്ചർ വിഷയസമിതി | ജൂൺ8 | | |
| റിപ്പോർട്ട് തയ്യാറാക്കൽ അവതരണം | എസ്.ആർ.ജി. | ജൂൺ 11 | | |

പ്രശ്നം: അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികൾ ഉ്.

പ്രവർത്തനം: 1.2. അടിസ്ഥാന ഭാഷാശേഷി വികസന പദ്ധതി.

ലക്ഷ്യം: യു.പി.കുട്ടികളുടെ ഭാഷാശേഷി ഉറപ്പാക്കുന്നതിന്.

('കളിച്ചുപഠിക്കാം മലയാളം')

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം എന്ത് പരിഹാരം | വിഷയസമിതി | ജൂൺ | | |
| പരിഹാരബോധന മാധ്യമം 'മലയാളത്തിളക്കം'. | വിഷയസമിതി | ജൂൺ 18 - ജൂലായ് 31 | 2000/- | പി.ടി.എ |
| മൂല്യനിർണ്ണയം അവലോകനം. | വിഷയസമിതി | ആഗസ്ത് 1 | | |
| റിപ്പോർട്ട് പ്രഖ്യാപനം. | വിഷയസമിതി | ആഗസ്ത് 5 | | |

## വിശകലനം

**മേഖല : അക്കാദമികം** **വിഷയം : മലയാളം**

**പ്രശ്നം:** **പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.**

**പ്രവർത്തനം: 3. പഠനോപകരണ നിർമ്മാണ ശിൽപശാല, ഐ.ടി. പരിശീലനം.**

**ലക്ഷ്യം:** **പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുക, ഐ.സി.ടി. സാധ്യതകൾ ഫലപ്രദമായി ഉപയോഗിച്ച് പഠനം മധുരമാക്കുക.**

**('അറിവായ് നിറവായ്')**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| പഠനോപകരണ നിർമ്മാണ ശിൽപശാല. | 5, 6 7 ക്ലാസ്സുകളിലെ മലയാളം അധ്യാപകർ. | മെയ് 18, 19, 20 | 5,000/- | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ |
| വിഷയസമിതിയിൽ ആവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു, നിർമ്മിക്കുന്നു. | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ | മെയ് 18, 19, 20 | | |
| ഐ.ടി. പരിശീലനം ആവശ്യമുള്ള അധ്യാപകർക്ക്. | ഐ.ടി. അധ്യാപകർ | മെയ് 20-25 | | |
| പാഠഭാഗങ്ങൾ ആവശ്യമായ വീഡിയോസ്, ചിത്രങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തി ക്രോഡീകരിക്കുക. | ഐ.ടി. അധ്യാപകർ ഭാഷാധ്യാപകർ | മെയ് 20-25 | 1,000/- | പൂർവ്വ വിദ്യാർത്ഥികൾ |

## വിശകലനം

| മേഖല : അക്കാദമികം | വിഷയം : മലയാളം |
|---|---|

**പ്രശ്നം:** പഠനപ്രശ്നങ്ങൾ കത്തെി പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല. (പഠനം ബുദ്ധിമുട്ട്).

**പ്രവർത്തനം:** 6. 'കുട്ടിയെ അറിയാം, കൈത്താങ്ങു നൽകാം'.

**ലക്ഷ്യം:** 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങൾ കത്തെി പരിഹാരപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അധ്യാപകർക്ക്, രക്ഷിതാക്കൾക്ക് പരിശീലനം.<br>കുട്ടിയുടെ പഠനപ്രശ്നങ്ങൾ കത്തൊനും, പരിഹാരപ്രവർത്തനങ്ങൾ ചെയ്യാൻ പ്രാപ്തരാക്കാനും വേി സൈക്കോളജിസ്റ്റ്, ഡോക്ടേഴ്സ് എന്നിവർ നൽകുന്ന ക്ലാസ്. | എസ്.ആർ.ജി. | 5 വർഷം ജൂൺ- 9 മാസം (ശനിയാഴ്ച) | 10,000/- | പി.ടി.എ, പൂർവ്വ വിദ്യാർത്ഥി കൾ |
| പാഠാസൂത്രണ ശില്പശാല വൈവിധ്യമാർന്ന പഠനതന്ത്ര സാമഗ്രികൾക്കായി. | വിഷയസമിതി | 1 വർഷം (മെയ് 31 നുള്ളിൽ) | 1,000/- | പി.ടി.എ |
| ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തിപ്പെടുത്തൽ. | ലൈബ്രേറിയൻ, പി.ടി.എ. | 5 വർഷം | 2,00,000/- | പൂർവ്വ വിദ്യാർത്ഥി കൾ, പൂർവ്വ അധ്യാപകർ |
| ബോധവൽക്കരണ ക്ലാസുകൾ- രക്ഷിതാക്കൾക്ക്. | വിദ്യാരംഗം | 5 വർഷം മെയ്-ജൂൺ 9 | 5,000/- | പി.ടി.എ. |
| പദപ്രശ്നങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, സമസ്യാപൂരണം, അടിക്കുറിപ്പ് നൽകൽ. | വിഷയസമിതി | ദിനാചരണങ്ങൾ | | |

## വിശകലനം

| മേഖല : അക്കാദമികം | | | | വിഷയം : മലയാളം |
|---|---|---|---|---|
| പ്രശ്നം: വായനയുടെ അഭാവം. | | | | |
| പ്രവർത്തനം: 4. | | | | |
| ലക്ഷ്യം: 5, 6, 7 ക്ലാസ്സിലെ കുട്ടികളിൽ വായനയിൽ താൽപര്യമുണർത്തുക. | | | | |
| 'വായനാവസന്തം' | | | | |
| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
| ക്ലാസ് ലൈബ്രറി രൂപീകരണം. നിലവാരത്തിനനുസരിച്ച് കഥകൾ,കവിതകൾ, യാത്രാവിവരണങ്ങൾ, നാടകങ്ങൾ, ചിത്രകഥകൾ, ഐതിഹ്യങ്ങൾ എന്നിവ ശേഖരിച്ച് വായനാമൂല ഒരുക്കുന്നു. | ക്ലാസ് പി.ടി.എ<br>ക്ലാസ് അധ്യാപിക ഭാഷാധ്യാപകൻ | ജൂൺ | 10,000/- | |
| 'ഒരാഴ്ച ഒരു പുസ്തകം പദ്ധതി' ആസ്വാദനം, സംഗ്രഹം, ചിത്രീകരണം, വായനാക്കുറിപ്പ് എന്നിവ തയ്യാറാക്കൽ. | ലൈബ്രേറിയൻ, ഭാഷാധ്യാപകൻ | ജൂൺ- മാർച്ച്<br>1 വർഷം | | |
| സ്കൂൾ ലൈബ്രറി പ്രവർത്തനം സജീവമാക്കൽ. 'അമ്മ വായന'. | ലൈബ്രേറിയൻ | 1 വർഷം | | |
| വായനാമത്സരം.<br>ദിവസം 2 കുട്ടികൾ (ക്ലാസ്തലം) | | 1 വർഷം | | |
| പ്രശ്നോത്തരി (സാഹിത്യം)<br>മാസത്തിൽ ഒന്ന്. | | 1 വർഷം | | |
| ആസ്വാദനക്കുറിപ്പ് രചനാമത്സരം (കവികൾ-കഥാകാരന്മാർ ദിനം) | | | | |
| വായനാവാരാചരണം<br>ഒരു ദിവസം ഒരു പുസ്തകം ഒരു കുട്ടി ക്ലാസ്തലം അവതരണം. | ക്ലാസ് അധ്യാപിക | 1 വർഷം | | |

## വിശകലനം

**മേഖല : അക്കാദമികം** **വിഷയം : മലയാളം**

പ്രശ്നം: **സർഗാത്മക പ്രവർത്തനങ്ങൾക്ക് വേത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.**

പ്രവർത്തനം: **5. സാഹിത്യസമാജങ്ങൾ, നാടകക്യാമ്പുകൾ, ശിൽപശാല.**

ലക്ഷ്യം: **5, 6, 7 ക്ലാസ്സുകളിലെ കുട്ടികളുടെ സർഗാത്മക മേഖലകളിൽ വികാസം നൽകി ആത്മവിശ്വാസം വളർത്തുക.**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| കവിതാരചന<br>കഥാരചന<br>ചിത്രരചന | വിഷയസമിതി<br>വിദ്യാരംഗം<br>കലാ-സാഹിത്യവേദി | 5 വർഷം | 1,000/- | പി.ടി.എ |
| **സാഹിത്യസമാജങ്ങൾ:**<br>മാസത്തിൽ ഒരു തവണ ക്ലാസ്തലത്തിൽ. | ക്ലാസ് അധ്യാപകൻ | 5 വർഷം | | പി.ടി.എ |
| **ശില്പശാലകൾ:**<br>രചനാമത്സരങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കഥ, കവിത, ചിത്ര രചനാശില്പശാലകൾ. | വിദ്യാരംഗം,<br>വിഷയസമിതി | 5 വർഷം | 5000/- | പി.ടി.എ |
| സാഹിത്യകാരന്മാർ, ചിത്രകാരന്മാർ, അഭിനേതാക്കൾ നൽകുന്ന ക്ലാസ്സുകൾ. | വിദ്യാരംഗം,<br>വിഷയസമിതി | 5 വർഷം | 10,000/- | പി.ടി.എ |
| **നാടകക്യാമ്പുകൾ:**<br>വർഷത്തിലൊരുതവണ അഭിനയത്തിൽ അഭിരുചിയുള്ളവർക്ക്. | വിദ്യാരംഗം,<br>പി.ടി.എ,<br>വിഷയസമിതി | 5 വർഷം | 10,000/- | പി.ടി.എ |
| മാസത്തിലൊരു മാസിക (ക്ലാസ്തലം) | ഭാഷാധ്യാപകൻ | | | |
| പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്നതും അല്ലാത്തതുമായ സൃഷ്ടികൾ ഉൾക്കൊള്ളിച്ചു കൊ ്. | ഭാഷാധ്യാപകൻ | 5 വർഷം | 2,000/- | പി.ടി.എ |

## ഉപഭാഷകൾ-ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു

**ആമുഖം**

ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദുഭാഷാ പഠനം നമ്മുടെ സ്കൂളിൽ നടന്നുവരുന്നു. മാതൃഭാഷയിൽ നിന്നും ഭിന്നമായ ധാരാളം പ്രശ്നങ്ങൾ ഈ വിഷയങ്ങളുടെ പഠനത്തിനു്. ത്രിഭാഷാപദ്ധതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദി പഠനം നിർബന്ധമാക്കിയത്. മറ്റു ഭാഷകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഓരോ കുട്ടിക്കുമു്. ഭാഷാ പശ്ചാത്തലം കാരണം ഒരു കുട്ടിയും അവഗണിക്കപ്പെട്ടില്ലെന്ന് ഉറപ്പാക്കാൻ ബഹുഭാഷാ പഠനസമീപനം സഹായിക്കും. ബഹുഭാഷാ രാജ്യത്ത് അനവധി ഭാഷകളിലൂടെ ആശയവിനിമയം നടത്താനുള്ള കഴിവ് നേടുക തന്നെ വേണം.

**പ്രശ്നങ്ങൾ:**

**അക്കാദമികം:-**

- എല്ലാ കുട്ടികൾക്കും എഴുതുവാനും, വായിക്കുവാനും, ഭാഷ പ്രയോഗിക്കുവാനുമുള്ള കഴിവ് ആർജിക്കാൻ കഴിയുന്നില്ല.

**ഭൗതികം:-**

- ഐ.സി.ടി.സാമഗ്രികളുടെ അഭാവം.
- ലൈബ്രറിയുടെ അഭാവം.

**സാമൂഹികം:-**

- ഭൗതികവും അക്കാദമികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ലഭിക്കുന്നില്ല.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം**

**പ്രശ്നം:** **അടിസ്ഥാന ഭാഷാനൈപുണികൾ നേടാത്തതും നിർദ്ദേശിക്കപ്പെട്ട ശേഷികൾ നേടാത്തതുമായ അവസ്ഥ.**

**ലക്ഷ്യം:** **എല്ലാ കുട്ടികൾക്കും എഴുതുവാനും, വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.**

| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനങ്ങൾ** |
|---|---|---|
| **കുട്ടികൾ:**<br>* താൽപര്യക്കുറവ്.<br>* ഭാഷാന്തരീക്ഷം ലഭിക്കുന്നില്ല.<br>* ഉയർന്ന തലത്തിലുള്ള പാഠഭാഗങ്ങൾ (ചില ക്ലാസുകൾ.<br>* വായനയുടെ കുറവ്. | *വർഷാരംഭത്തിൽ പ്രീടെസ്റ്റ്.<br>* ക്ലാസ് റൂം പ്രവർത്തനങ്ങൾ ആകർഷകമാക്കൽ.<br>* ക്ലബ്ബ് രൂപീകരിക്കൽ.<br>* വായനാക്കാർഡുകൾ ഉപയോഗപ്പെടുത്തൽ. | * പ്രീടെസ്റ്റ്<br>* അടിസ്ഥാന ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം.<br>* പിയർ ഗ്രൂപ്പ് പ്രവർത്തനം. |
| **അധ്യാപകർ:**<br>* എല്ലാവരേയും ഒരേപോലെ പരിഗണിച്ച് മുന്നോട്ടുകൊണ്ടുപോവാൻ കഴിയുന്നില്ല.<br>* കുട്ടികളിലെ നിലവാരത്തിലെ വ്യത്യാസം.<br>* കുട്ടികളുടെ സാഹചര്യത്തിനനുസരിച്ച് പരിഗണിക്കാൻ കഴിയുന്നില്ല. | * ഐ.സി.ടി.യുടെ ഫലപ്രദമായ ഉപയോഗം | * ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പാഠാസൂത്രണം. |
| **സംവിധാനം:**<br>* സമയക്കുറവ്. | | * പോസ്റ്റ് ടെസ്റ്റ് |
| **രക്ഷിതാക്കൾ:**<br>* വേണ്ട്ര പഠനകാര്യത്തിൽ ഇടപെടുന്നില്ല.<br>* വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>* പഠന നിലവാരം വിലയിരുത്തുന്നില്ല. | | |

## പ്രവർത്തന പദ്ധതി വിശകലനം

**മേഖല : അക്കാദമികം**

**പ്രശ്നം:** **അടിസ്ഥാന ഭാഷാനൈപുണികൾ നേടാത്തതും നിർദ്ദേശിക്കപ്പെട്ട ശേഷികൾ നേടാത്തതുമായ അവസ്ഥ.**

**പ്രവർത്തനം: 1. പ്രീടെസ്റ്റ്**

**ലക്ഷ്യം:** **കുട്ടികളുടെ ഭാഷാജ്ഞാനത്തിന്റെ നിലവിലുള്ള അവസ്ഥ അറിയുന്നതിന്.**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| പിന്നോക്കാവസ്ഥ കണ്ടെത്താനുള്ള പ്രവർത്തനം. | വിഷയസമിതി | മെയ്-മീറ്റിംഗ് | | |
| ചോദ്യപേപ്പർ നിർമ്മാണം-പ്രീടെസ്റ്റ് | വിഷയസമിതി | മെയ് | 1,500/- | പി.ടി.എ |
| പ്രീ-ടെസ്റ്റ് നടത്തിപ്പ്. | വിഷയസമിതി | ജൂൺ | | |
| മൂല്യനിർണ്ണയം. ഫലവിശകലന റിപ്പോർട്ട് തയ്യാറാക്കൽ. | വിഷയസമിതി | ജൂൺ | | |

**പ്രവർത്തനം: 2. പ്രീടെസ്റ്റ്**

**ലക്ഷ്യം:** **മികവ് പുലർത്തുന്ന കുട്ടികളുടെ സഹായം ലഭ്യമാക്കുക.**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| പിയർ ഗ്രൂപ്പ് ലീഡർമാരെ കണ്ടെത്തി പരിശീലനം നൽകുക. | അധ്യാപിക | ജൂൺ | | |
| കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു. | അധ്യാപിക | ജൂലായ് | | |
| പഠനസാമഗ്രികൾതയ്യാറാക്കി ലീഡർമാർക്ക് പരിശീലനം. (ചെറിയ വാക്കുകളെഴുതിയ കാർഡ്) | അധ്യാപിക | ജൂലായ് | 1,000/- | പി.ടി.എ |
| പിയർ ഗ്രൂപ്പ് പ്രവർത്തനം പുരോഗതി വിലയിരുത്തൽ. | അധ്യാപിക | ഓരോ മാസവും | | |

പ്രവർത്തനം: 3. ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠാസൂത്രണം.

ലക്ഷ്യം: ഭാഷയിൽ താൽപര്യമുാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഐ.സി.ടി.സാധ്യത കത്തെുക. | വിഷയസമിതി | മെയ് | | |
| ഫലപ്രാപ്തി വിശകലനം | വിഷയസമിതി | ഓരോ ടേം | | |

പ്രവർത്തനം: 4. അടിസ്ഥാന ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം.

ലക്ഷ്യം: അടിസ്ഥാന ഭാഷാനൈപുണികൾ കുട്ടികളിൽ ഉാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ | | |
| വർക്ക് ഷീറ്റ് നിർമ്മാണം | വിഷയസമിതി | മെയ് | 10,000/- | പി.ടി.എ. |
| വായനാക്കാർഡ് നിർമ്മാണം. | വിഷയസമിതി | ജൂൺ | 5,000/- | പി.ടി.എ. |
| ചിത്രകഥാ പുസ്തക ശേഖരണം. | വിഷയസമിതി | | | |
| ചുമർപത്രിക തയ്യാറാക്കൽ. | വിഷയസമിതി | | 1,000/- | പി.ടി.എ. |

പ്രവർത്തനം: 5. പോസ്റ്റ് ടെസ്റ്റ്.

ലക്ഷ്യം: പഠനനേട്ടം തിരിച്ചറിയുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പോസ്റ്റ് ടെസ്റ്റിനുവേി ചോദ്യാവലി തയ്യാറാക്കൽ. | വിഷയസമിതി | ഫിബ്രവരി | 10,000/- | പി.ടി.എ. |
| പോസ്റ്റ് ടെസ്റ്റ് നടത്തിപ്പ്. | വിഷയസമിതി | ഫിബ്രവരി | 5,000/- | പി.ടി.എ. |
| മൂല്യനിർണ്ണയവും വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും. | വിഷയസമിതി | മാർച്ച് | 1,000/- | പി.ടി.എ. |

## Learning of English

### Preface:

In India, English is not our language of being or identity. It has come to be the language of doing, the language of academics and the language of recognition. In the current Indian context English language has an increasing demand which is associated with progress and development. English in India today is a symol of people's aspirations for quality education and fuller participation in national and international life. The language has so strong data base on the internet that is widely used in social media to connect people of differnt nationalities.

### English Learning Issues:

1. Learner haven't acquired the required curriculum objectives.
2. Lack of exposure to English reading skills and writing skill.
3. Lack of real life situation in promoting English language for communication.

### Infrastructure:

- Lack of English language lab.
- Lack of English reading corner.

### Social:

Lack of social participation in English language programme.

## ACADEMIC MASTER PLAN

### Problem Analysis

**Area : Academic** **Subject : English**

**Issue : 1. Learners haven't acquired the curriculum objectives.**

| Reasons | Remedial measures | Activities |
|---|---|---|
| **Learner:**<br>* Lack of interest.<br>* Lack of vocabulary.<br><br>**Teacher:**<br>* Lack of time in implementing creative activities.<br>* Cannot address different level of learners.<br>* Teachers are compelled to finish immediate tasks.<br><br>**System:**<br>*Text book centered teaching.<br><br>**Parent:**<br>* Lack of awareness. | * Conducting a pre-test to assess the level of learners.<br>* Develop some activities to enhance the basic skill of students.<br>* Planning class room activities so as to address different level of learner. | 1) Pre-test<br>2) Create English corner in the classroom.<br>3) Framing activities to address different level of learners. |

| **Area : Academic** | | **Subject : English** |
|---|---|---|
| **Issue : 2. Lack of real life situation in providing English as a language for communication.** | | |
| **Reasons** | **Remedial measures** | **Activities** |
| **Learner:**<br>* Learners are accustomed to class room situation.<br>* No confidence in using English in real life situations.<br>* Consider English only as an academic subject.<br><br>**Teacher:**<br>* Compelled to finish the immediate tasks.<br><br>**System:**<br>* Does't give room for adequate real life situations.<br><br>**Parent:**<br>* Not aware of the importance of exposure to language. | * Frame various real life situations to premote communication skill in addition to class room experience. | 1) Observe English assembly once in a week.<br>2) Treasure hunt.<br>3) School radio FM.<br>4) Formation of English club.<br>5) Word book for the student. |

## Remedial Programmes in details

1. **Pre-test:**

Evaluation of the learning received during the class as a result of comparing what a student knew before in a pre-test is called a pre and post testing. A pre-test is used to measure a students ability to retain and recall known facts.

2. **English Corner:**

Keep some English books in all classes and give ample opportunities for students to read.

3. **I.C.T and process based lessons:**

RTE 2009 wanted to ensure ICT enabled and process based teaching learning process in the class room.

4. **Formation of English Club and FM Radio:**

Various activities under guidence of English Club must try to fill various gaps in language as an instructional tool. It must cater the need to promote various students of English as a language.

5. **School Magazine:**

Magazines hold a promionent position to enhance the creative writing skill of learners. Various activities related with writing will get improvement through a magazine work.

## Analysis of Programme of action

**Area : Academic** **Subject : English**

**Activity: 1. Pre-Test.**

**Issue:** **Learners haven't acquired the required currriculam objectives.**

**Objective:** **To assess the level of learners in 5th standard, 6th and 7th standard.**

| Sub/ Activitties | Team in Charge | Duration/ Time | Financial Commitment | Agency |
|---|---|---|---|---|
| 1) One day workshop. | Subject Council convenor | May 24 (10am. - 2pm) | | |
| 2) Preparation and printing of questionnaire. | Subject Council convenor | May 25-30 2018 | 1,000/- | P.T.A |
| 3) Execution and Evaluation of Pre-test. | Subject Council Members | June 8 | | |
| 4) Report in CPTA. | English teachers | June 16 | | |

**Issue:** **Lack of real life situation in promoting English language for communication.**

**Objective:** **Make students familiar with English language.**

| Sub/Activitties | Team in Charge | Duration/ Time | Financial Commitment | Agency |
|---|---|---|---|---|
| 1) Formation of English Club. | Subject convenor | June 15 | | |
| 2) Observe English assembly once in a week | Subject convenor | Each Wednesday | | |
| 3) School Radio FM | English teacher | Friday (afternoon) All week. | | |
| 4) Word book for the student | English teacher | Each day | | |

| **Area : Academic** | | | | **Subject : English** |
|---|---|---|---|---|

**Issue:** Lack of exposure to English reading skill.

**Objective:** Improve reading skill among students.

| **Sub/Activitties** | **Team in Charge** | **Duration/ Time** | **Financial Commitment** | **Agency** |
|---|---|---|---|---|
| 1) Formation of reading corner. | English Teacher | July to August | 1,000/- | P.T.A |
| 2) Collection of books. | English Teacher | July to August | | |
| 3) Preparing reading cards. | PTA, English Teacher | September 5 | 100/- | |
| 4) Story telling competition. | English Club | September 16 | | |
| 5) Reading competition. | English Club | October 10 | | |
| 6) Picture reading. | English Teachers | October 24 | | |
| 7) By using ICT arrange visual performance of the text. | English Teachers | June to December | | BRC |

**Issue:** Lack of real life situation in promoting English language for communication.

**Objective:** Make students familiar with English language.

| **Sub/Activitties** | **Team in Charge** | **Duration/ Time** | **Financial Commitment** | **Agency** |
|---|---|---|---|---|
| 1) Formation of English Club. | Subject convenor | June 15 | | |
| 2) Observe English assembly once. in a week | Subject convenor | Each Wednesday | | |
| 3) School Radio FM | English teacher | Friday (afternoon) All week. | | |
| 4) Word book for the student | English teacher | Each day | | |

**Issue:** **Lack of exposure to English writing skill.**

**Objective:** **Promote writing skill among students.**

| Sub/Activitties | Team in Charge | Duration/ Time | Financial Commitment | Agency |
|---|---|---|---|---|
| 1) School Magazine. | English club | Each month | | |
| 2) Magazine Committe formation. | Subject council members | June 26 | | |
| 3) Story writing competition. | English Teacher | Every month | | |
| 4) Caption making. | English Teacher | Every month | | |
| 5) Summary writing | English Teacher | Every month | | |
| 6) Describing a picture | English Teacher | Every month | | |
| 7) Meeting of magazine committe. | English Club | Any | | |
| 8) Publishing magazine. | English Club | Last day in all month | | |

# BUDGET

| Activitties | Rs. |
|---|---|
| Printing Questionnaire | 1000 |
| Preparation of Special module | 2000 |
| Post Test | 1000 |
| Various activities | 2000 |

Monitoring Team: Head Master

SSG

SRG Convenor.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം യു.പി.

## "ഗണിതം വിസ്മയം"

**ആമുഖം**

കുട്ടികളുടെ ഗണിതവൽക്കരണശേഷി വർദ്ധിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിത പഠനത്തിന് താൽപര്യമുള്ളവരാക്കാൻ കഴിയുന്നതായിരിക്കണം ഗണിത വിദ്യാഭ്യാസം. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. അമൂർത്തമായ ഗണിത ആശയങ്ങളെ മൂർത്ത വസ്തുക്കളിലൂടെ ഗണിതവൽക്കരിക്കുന്നതിന് പഠനോപകരണങ്ങളുടെ പ്രാധാന്യം വളരെയേറെയാണ്. ക്ലാസിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസമുാവണം. ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉറപ്പാക്കേത്.

**ഗണിതപഠന പ്രശ്നങ്ങൾ:**

**അക്കാദമികം:-**

- 5, 6, 7 ക്ലാസുകളിലെ ചില കുട്ടികൾക്ക് ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷികൾ നേടാൻ കഴിഞ്ഞിട്ടില്ല.
- പൊതുവെ കുട്ടികൾക്ക് ഗണിതത്തോട് ആഭിമുഖ്യവും താൽപര്യവും ഇല്ലാത്ത അവസ്ഥ.

**ഭൗതികം:-**

- ഗണിത ലാബിന്റെ അഭാവം.

**സാമൂഹികം:-**

- പി.ടി.എ, എസ്.എസ്.ജി.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **വിഷയം : ഗണിതം**

**പ്രശ്നം: 1. 5, 6, 7 ക്ലാസ്സുകളിലെ ചില കുട്ടികൾക്ക് ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷി നേടാൻ കഴിഞ്ഞിട്ടില്ല.**

**ലക്ഷ്യം : കുട്ടികളിൽ അനായാസം ചതുഷ്ക്രിയകൾ ചെയ്യുന്നതിലുള്ള നൈപുണി വികസിപ്പിക്കൽ.**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** |
|---|---|---|---|
| 1. പ്രീ-ടെസ്റ്റ് നടത്തുന്നു. വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ | |
| 2. സംഖ്യാബോധം ഉറപ്പിക്കൽ. (അബാക്കസ്, മഞ്ചാടി, ഈർക്കിൽ തുടങ്ങിയവ ഉപയോഗിച്ച് അക്കകാർഡ്. | ഗണിതാധ്യാപകർ | ജൂലായ് ആഗസ്ത് | 500/- പി.ടി.എ |
| 3. സങ്കലനം (സംഖ്യാകാർഡ്, മഞ്ചാടി, പാമ്പും കോണിയും, റാണിയും മക്കളും, ഐ.സി.ടി.സാധ്യതകൾ. | ഗണിത ക്ലബ്ബിലെ അംഗങ്ങൾ | സപ്തംബർ | 500/- |
| 4. വ്യവകലനം (പുനക്രമീകരണം വരുന്നവയുൾപ്പടെ) (സംഖ്യാകാർഡ്, തീപ്പെട്ടിക്കമ്പ്, മഞ്ചാടി തുടങ്ങിയവ ഉപയോഗിക്കുന്നു) | ഗണിതാധ്യാപകർ | ഒക്ടോബർ | 500/- |
| 5. ഗുണനം (ആവർത്തന സങ്കലനമാണ് ഗുണനം) (മഞ്ചാടി, സംഖ്യാകാർഡ്, ഐ.സി.ടി. സാധ്യതകൾ) | ഗണിതക്ലബ്ബ് | നവംബർ | 500/- |
| 6. ഹരണം (ഗുണനച്ചാർട്ട്, ഐ.സി.ടി സാധ്യത, മഞ്ചാടി) | ഗണിതാധ്യാപകർ | ഡിസംബർ | 500/- |

**പ്രശ്നം: 2. പൊതുവെ കുട്ടികൾക്ക് ഗണിതത്തോട് ആഭിമുഖ്യവും താൽപര്യവും ഇല്ലാത്ത അവസ്ഥ.**

**ലക്ഷ്യം : ഗണിതപഠനം ലളിതവും രസകരവുമാക്കി ആസ്വദിച്ചുപഠിക്കൽ.**

| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** |
|---|---|---|---|
| 1. ഗണിത മാസിക തയ്യാറാക്കൽ. | ഗണിതക്ലബ്ബ് | ജനുവരി -മാർച്ച് | 2500/- |
| 2. ഗണിത ലാബ് നിർമ്മിക്കൽ. | ഗണിതക്ലബ്ബ് | | |

## പ്രവർത്തനങ്ങൾ

1. **ഗണിതം വിസ്മയം:**

പ്രീടെസ്റ്റ് നടത്തുന്നു പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2. **സംഖ്യാബോധം ഉറപ്പിക്കൽ:**

കുട്ടികളെ ഗ്രൂപ്പാക്കുന്നു. അബാക്കസ് ഉപയോഗിച്ച് സ്ഥാന വില മനസ്സിലാക്കുന്നു. അതിനായി മഞ്ചാടി, ഈർക്കിൽകെട്ട് തുടങ്ങിയവയും ഉപയോഗിക്കുന്നു. അക്ക കാർഡുപയോഗിച്ച് പരമാവധി സംഖ്യകൾ ഉാക്കുന്നു. ഏറ്റവും കൂടുതൽ സംഖ്യ ഉാക്കിയ കുട്ടിക്ക് സമ്മാനം കൊടുക്കുന്നു.

3. **സങ്കലനം:**

സംഖ്യാകാർഡുകൾ നൽകുന്നു. ര് സംഖ്യകളും അവയുടെ തുകയും അടങ്ങിയിട്ടുള്ള കാർഡുകളാണ് കൊടുക്കുന്നത്. റാണിയും മക്കളും എന്ന കളി. റാണിക്ക് 100, മക്കൾക്ക് 10 വീതം. അതുപോലെ പാമ്പും കോണിയും കളിപ്പിക്കുന്നു. ഇതിലൂടെ സങ്കലനം ഉറപ്പിക്കുന്നു. ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തുന്നു.

4. **വ്യവകലനം:**

സംഖ്യാകാർഡ്, മഞ്ചാടി, തീപ്പെട്ടിക്കമ്പ് തുടങ്ങിയവ ഉപയോഗിക്കുന്നു. കൂടാതെ ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

5. **ഗുണനം (ആവർത്തന സങ്കലനം):**

മഞ്ചാടി, തീപ്പെട്ടിക്കമ്പ്, സംഖ്യാകാർഡുകൾ, ഐ.സി.ടി. സാധ്യത.

6. **ഹരണം (ആവർത്തന ഗുണനം):**

ഗുണനച്ചാർട്ട്, മഞ്ചാടി, ഐ.സി.ടി. സാധ്യതകൾ എന്നിവ ഉപയോഗിക്കുന്നു.

7. **ഗണിതമാസിക തയ്യാറാക്കൽ:**

പസിലുകൾ, പാറ്റേണുകൾ, കുസൃതിക്കണക്കുകൾ, ജ്യാമിതീയ ചാർട്ടുകൾ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഓരോ ക്ലാസിലും മാസിക തയ്യാറാക്കുന്നു.

**8. ഗണിതലാബ് നിർമ്മിക്കൽ:**

ഏതെങ്കിലും ഒഴിഞ്ഞ ഒരു ക്ലാസിൽ ഒരു ഗണിതലാബ് ഉാക്കുന്നു. ഗണിത കിറ്റ്, ജ്യാമിതീയ രൂപങ്ങൾ, ഗണിത പുസ്തകങ്ങൾ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, ചാർട്ട്, അബാക്കസ്, ഫ്രാക്ഷൻഡിസ്ക് തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി ലാബ് നിർമ്മിക്കുന്നു.

## കലാവിദ്യാഭ്യാസം, സാംസ്കാരികം

**ആമുഖം**

കലാപഠനം ഇന്നും കുട്ടികൾക്ക് ഔപചാരിക പഠനത്തിന് പുറത്തുതന്നെയാണ്. കലാപഠനം മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കും എന്ന തിരിച്ചറിവ് ഉാകേിയിരിക്കുന്നു. ബഹുമുഖ ബുദ്ധിസിദ്ധാന്തത്തെ അംഗീകരിക്കുന്ന പാഠ്യ പദ്ധതിയാണ് നമുക്കുള്ളത്. എന്നാൽ പഠനപ്രക്രിയയിൽ ഈ പരിഗണന ലഭിക്കുന്നില്ല. സാംസ്കാരികരംഗത്തെ വളർച്ച, പാരമ്പര്യത്തിന്റെ തുടർച്ച എന്നിവ ഉറപ്പാക്കാൻ കലാപഠനം സഹായിക്കും.

**കലാ-സാംസ്കാരികം പ്രശ്നങ്ങൾ:**

**അക്കാദമികം:**

1. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കത്തൊനോ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരമില്ല.
2. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും കാണാൻ കഴിയുന്നില്ല.
3. പാഠ്യപദ്ധതി നിർദ്ദേശിച്ച പ്രവർത്തനങ്ങൾ നൽകാനുള്ള ഭൗതിക സൗകര്യം ഇല്ല.
4. നാടിന്റെ സാസ്കാരികവും കലാപാരമ്പര്യവും പ്രൗഢിയും തിരിച്ചറിയാനുള്ള അവസരമില്ല.
5. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല.
6. കുട്ടികൾക്കും അധ്യാപകർക്കും അവരുടെ സർഗശേഷി പ്രകടിപ്പിക്കാനുള്ള അവസരമില്ല.
7. വിദ്യാലയപ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങൾ അറിയുന്നതിന് അവസരമില്ല.

**ഭൗതികം:**

8. കലാ, സാംസ്കാരിക പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൗതിക സൗകര്യക്കുറവ്.

**സാമൂഹികം:**

9. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സ്കൂളിലെ മറ്റു പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും വിവിധ സാമൂഹിക കമ്മിറ്റികളുടെ രൂപീകരണം പ്രവർത്തനവും ഇനിയും മെച്ചപ്പെടുത്തേതു്.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **വിഷയം : കലാ-സാംസ്കാരികം**

**പ്രശ്നം: 1. ജന്മസിദ്ധമായ കഴിവുകൾ തിരിച്ചറിയുന്നില്ല.**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>* സ്വന്തം കഴിവുകൾ തിരിച്ചറിയുന്നില്ല.<br>**അധ്യാപകർ:**<br>* കുട്ടിയുടെ കഴിവ് കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയില്ല.<br>* കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമില്ല.<br>**സംവിധാനം:**<br>* എല്ലാവരേയും പരിഗണിക്കുന്നില്ല.<br>* കലാ-സാംസ്കാരിക മേഖലയ്ക്ക് വേത്ര പരിഗണന ഇല്ല.<br>* എല്ലാവരും പങ്കെടുക്കണമെന്ന് നിഷ്ക്കർഷിക്കുന്നില്ല.<br>**രക്ഷിതാക്കൾ:**<br>* കുട്ടിയുടെ കഴിവുകൾ തിരിച്ചറിയുന്നില്ല. സ്കൂളിലെ അവസരങ്ങളെക്കുറിച്ചറിയുന്നില്ല. | * കുട്ടികളുടെ കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>* കലാപഠനത്തിന് അവസരമൊരുക്കുക.<br>* പ്രാദേശിക വിഭവങ്ങൾ ഉപയോഗിക്കുക.<br>* രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുക. | 1. പ്രാദേശിക വിഭവഭൂപടം തയ്യാറാക്കൽ.<br>2. ടാലന്റ് ലാബ്.<br>3. പി.ടി.എ ബോധവൽക്കരണം (കല) |

**പ്രശ്നം: 2. ഭൗതിക സാഹചര്യം**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **അധ്യാപകർ:**<br>* മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് കലാപഠനത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല.<br>**സംവിധാനം:**<br>* ഭൗതിക സാഹചര്യങ്ങളുടെ സൗകര്യങ്ങൾ ഒരുക്കുവാനും കലാധ്യാപകരുടെ സേവനം ഉറപ്പുവരുത്താനും സാധിച്ചിട്ടില്ല.<br>**രക്ഷിതാക്കൾ:**<br>* പാഠ്യപദ്ധതിയെക്കുറിച്ച് ബോധ്യവാനല്ല. കുട്ടിയുടെ കലാപഠനത്തിൽ ഇടപെടുന്നില്ല. | * അധ്യാപക നിയമനത്തിന് സമ്മർദ്ദം ചെലുത്തുക.<br>* പ്രാദേശിക വിദഗ്ധരെ കണ്ടെത്തുക.<br>* പരിശീലനങ്ങൾ, പഠനോപകരണങ്ങൾ എന്നിവ കണ്ടെത്തുക.<br>* പരിശീലനക്ലാസ് സംഘടിപ്പിക്കുക. (ലോംങ്ങ് ടേം) | 1. സ്കൂൾ നാടകവേദി.<br>2. കഥ,കവിത ക്യാമ്പുകൾ.<br>3. പാവനാടകം<br>4. ഒറിഗാമി<br>5. സംഗീത ഉപകരണപഠനം. |

| പ്രശ്നം: 3. കുട്ടികളുടെയും രക്ഷിതാക്കളുടെയും കാഴ്ചപ്പാട്. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടികൾ:**<br>* കലാ-സാംസ്കാരിക കാഴ്ചപ്പാട് സ്വാംശീകരിക്കാൻ അവസരമില്ല.<br>**അധ്യാപകർ:**<br>* ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നില്ല.<br>**സംവിധാനം:**<br>* രക്ഷിതാക്കളിലേക്കും കുട്ടികളിലേക്കും കഥാപഠനത്തിന്റെ പ്രവർ ത്തനം എത്തിക്കുന്നില്ല.<br>**രക്ഷിതാക്കൾ:**<br>* കലാപഠനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞില്ല. | * ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.<br>* പഠനപ്രക്രിയയുടെ ഭാഗമായി സെമിനാർ, പ്രൊജക്റ്റുകൾ, പ്രവർത്തനങ്ങൾ എന്നിവ ചെയ്യാൻ അവസരം നൽകുക. | 1) ബോധവൽക്കരണക്ലാസ്<br>2) കലാ-സാംസ്കാരിക പ്രൊജക്റ്റ്. |

| പ്രശ്നം: 4. പാരമ്പര്യം തിരിച്ചറിയാനുള്ള ബുദ്ധിമുട്ട്. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടികൾ:**<br>* കലയെ കുറിച്ച് സ്വയം അറിയാൻ ശ്രമിക്കുന്നില്ല.<br>* കലാരൂപങ്ങളോട് പ്രത്യേക താൽപര്യംജനിക്കാനുള്ള അവസരമില്ല.<br>**അധ്യാപകർ:**<br>* പഠനപ്രക്രിയയുടെ ഭാഗമായി പ്രോജക്റ്റ് വർക്കുകൾ നൽകുന്നില്ല.<br>**സംവിധാനം:**<br>* കലാ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളേയും പങ്കാളികളാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. | * മറ്റ് സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ പഠിക്കാൻ സെമിനാർ സംഘടിപ്പിക്കുക.<br>* ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുക. | 1) ഫിലിം ക്ലബ്ബ്.<br>2) സെമിനാർ<br>3) ആർട്ട് ഗ്യാലറി<br>4) മ്യൂസിയം<br>5) ശില്പശാല. |

| പ്രശ്നം: 5. കുട്ടികളുടെ പങ്കാളിത്തം. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടികൾ:**<br>* എല്ലാവർക്കും അവസരം ലഭിക്കുന്നില്ല.<br>* സ്കൂളിലും സ്കൂൾതലത്തിൽ പഠന നടത്താൻ അവസരമില്ല.<br>* കുട്ടിയുടെ താൽപര്യം പരിഗണിക്കുന്നില്ല.<br>**അധ്യാപകർ:**<br>* പരീക്ഷാവിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നു.<br>* കലാ പിരീഡുകൾ കുറവ്.<br>**സംവിധാനം:**<br>* ടൈംടേബിളിൽ വേ സമയം ലഭിക്കുന്നില്ല.<br>* കലാപഠനത്തിന് മറ്റ് വിഷയങ്ങളുടെ പരിഗണന ഇല്ല. വിലയിരുത്തുന്നില്ല. പ്രാധാന്യം മേളകളിൽ മാത്രം.<br>**രക്ഷിതാക്കൾ:**<br>* പുറത്തുള്ള കലാപഠനം വളരെ വില കൂടിയതാണ്.<br>* കലാപഠനം നല്ല തൊഴിൽ ലഭിക്കുന്നതിന് സഹായകരമല്ല എന്ന ധാരണ. | * കുട്ടികൾക്ക് താൽപര്യമുള്ള കലാരൂപം പഠിക്കാൻ അവസരമൊരുക്കുക.<br>* കലാപഠനത്തിന്റെ മൂല്യം സംബന്ധിച്ച് ബോധവൽക്കരണം. | 1) സ്കൂളിൽ സംഗീത ഉപകരണ പഠനം.<br>2) പ്രാദേശിക ചിത്രരചന.<br>3) സ്കൂൾ റേഡിയോ. |

| പ്രശ്നം: 6. കുട്ടികളുടെയും അധ്യാപകരുടെയും സർഗശേഷി. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടികൾ:**<br>* കലാപഠനത്തിന് അവസരമില്ല.<br>* ക്ലാസ്തല പരിപാടികൾ ഇല്ല.<br>**അധ്യാപകർ:**<br>* അധ്യാപകരുടെസർഗശേഷി ആരും ആവശ്യപ്പെടുന്നില്ല.<br>* അധ്യാപകർക്ക് പ്രകടിപ്പിക്കാൻ സ്കൂളിൽ അവസരമില്ല.<br>**സംവിധാനം:**<br>* അധ്യാപകർക്ക് വകുപ്പുതല അവസരങ്ങൾ ഇല്ല.<br>**രക്ഷിതാക്കൾ:**<br>* കുട്ടികൾക്ക് സ്കൂൾ തലത്തിൽ അവസരമുാകുന്നതിന് ശ്രമിക്കുന്നില്ല. | * എല്ലാ കുട്ടികൾക്കും അധ്യാപകർക്കും സർഗശേഷി ഉപയോഗപ്പെടുത്താൻ ദിനാചരണം, വാർഷികം, അസംബ്ലി തുടങ്ങിയ ഇനങ്ങൾ നൽകുന്നില്ല. | 1) സ്കൂൾ റേഡിയോ.<br>2) വാർഷികം.<br>3) ദിനാചരണം. |

| പ്രശ്നം: 7. പ്രചരണം. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **സംവിധാനം:**<br>* ചുമതല നൽകുന്നില്ല.<br>* പ്രാധാന്യം നൽകുന്നില്ല.<br>**രക്ഷിതാക്കൾ:**<br>* സ്കൂളിന്റെ മികവുകൾ പ്രചരിപ്പിക്കുന്നതിന്റെ ആവശ്യത്തെക്കുറിച്ച് ബോധവാനല്ല. | * ഡോക്യുമെന്റേഷൻ ചുമതല കൃത്യമായി നൽകുക.<br>* ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടത്തുക.<br>* ഒ.എസ്.എ. പങ്കാളിത്തം ഉറപ്പാക്കുക.<br>* മാധ്യമ പ്രവർത്തകരെ ഡോക്യുമെന്റേഷനിൽ ഉൾപ്പെടുത്തുക. | 1) ഡോക്യുമെന്റേഷൻ<br>2) മാധ്യമസംഗമം.<br>3) സ്കൂൾ സോവനീർ |

| പ്രശ്നം: 8. ഭൗതിക സാഹചര്യം. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **അധ്യാപകർ:**<br>* ഈ മേഖലയ്ക്ക് വേണ്ട്ര പ്രാധാന്യം നൽകിയില്ല. പ്രവർത്തിച്ചില്ല.<br>**സംവിധാനം:**<br>* അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ നൽകി പഠനവിഷയങ്ങൾക്ക് പഠനം എന്നതിന് പ്രാധാന്യം നൽകി. | * ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. | 1) പരിശീലന ഹാൾ.<br>2) ആർട്ട് ഗാലറി.<br>3) സ്കൂൾ സൗന്ദര്യവൽക്കരണം. |

| പ്രശ്നം: 9. മെച്ചപ്പെടുത്തൽ പ്രവർത്തനം. | | |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **അധ്യാപകർ:**<br>* സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാഴ്ചപ്പാട് വികസിപ്പിക്കുന്നില്ല.<br>**സംവിധാനം:**<br>* സ്കൂളിൽ രൂപീകരിക്കേ സാമൂഹിക സംഘടനകളെ മുന്നോട്ടു നയിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ഇല്ല.<br>**രക്ഷിതാക്കൾ:**<br>* ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നുവോ എന്ന് വിലയിരുത്തുന്നില്ല. | * സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള വിഭവങ്ങളും ഉപയോഗിക്കുന്നതിന് സഹായകരമായ കമ്മിറ്റി രൂപീകരിക്കുക. | 1) വിദ്യാലയ വികസന സമിതി.<br>2) എസ്.എസ്.ജി.<br>3) ഗ്രന്ഥശാലാ ക്ലബ്ബുകൾ.<br>4) എ.പി, എം.എൽ.എ.<br>5) ഒ.എസ്.എ, ഒ.ടി.എ.<br>6) പി.ടി.എ.<br>7) എസ്.എം.ഡി.സി. |

## പരിഹാര പ്രവർത്തനം-വിശദാംശങ്ങൾ

**1. പ്രാദേശിക വിഭവ ഭൂപടം:**

പ്രാദേശിക വിഭവങ്ങളും വൈഭവങ്ങളും കത്തൊനുതകുന്നതിനുള്ള പദ്ധതിയാണ് പ്രാദേശിക വിഭവ ഭൂപട നിർമ്മാണം.

വിഭവങ്ങൾ മൂന്ന്:

1) വ്യക്തികൾ.

2) സ്ഥലങ്ങൾ.

3) സ്ഥാപനങ്ങൾ

ഇവയെ വിദ്യാലയ വികസന പ്രവർത്തനങ്ങളുമായി ഉപയോഗിക്കുന്നു. നമ്മുടെ പ്രദേശത്തെ മുഴുവൻ വിഭവങ്ങളും ലഭ്യമാകണം.

**2. ടാലന്റ് ലാബ്:**

- സ്കൂൾ തുറക്കുമ്പോൾ തന്നെ കുട്ടിയുടെ താൽപര്യം ചോദിച്ച് രേഖപ്പെടുത്തുക.
- മേഖലാ ഇനങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുക. (ഉദാ: കല, ലളിതഗാനം, മാപ്പിളപ്പാട്ട്, പദ്യംചൊല്ലൽ എന്നിവ).
- കുട്ടികളെ ഗ്രൂപ്പാക്കി, ഒരു ടീച്ചർക്കും, പി.ടി.എ., പൂർവ്വവിദ്യാർത്ഥി, പൂർവ്വാധ്യാപകർ, രക്ഷിതാവ് എന്നിവർക്ക് ചുമതല.
- ആവശ്യമായ പരിശീലന സമയം.
- കുട്ടികളുടെ പ്രവർത്തനങ്ങൾ മേളകളിൽ ഉപയോഗപ്പെടുത്താൻ അവസരം.
- ദിനാചരണങ്ങൾ, സ്കൂൾ റേഡിയോ, അനുദിനം അവസരം, സ്കൂൾ നാടകവേദി, ഫോക്‌ലോർ മുതലായവയെ ബന്ധിപ്പിക്കാൻ ഡോക്യുമെന്റേഷൻ.

**3. രക്ഷാകർത്തൃ ബോധവൽക്കണം:**

- കലാ-സാംസ്കാരിക പ്രവൃത്തി പരിചയ പഠനത്തിന്റെ പ്രാധാന്യം.
- കുട്ടികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിൽ രക്ഷിതാവിന്റെ പങ്ക്.
- സ്കൂൾതല ടാലന്റ് ലാബ് പ്രവർത്തനരീതിയിൽ രക്ഷിതാക്കളുടെ പങ്ക്.

ഇവ ഉറപ്പിക്കുവാനായി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകണം.

**4. കലാരൂപങ്ങളുടെ പ്രകടനം:**

- ശാസ്ത്രീയ കലകൾ, അനുഷ്ഠാനകലകൾ, ആധുനിക കലാരൂപങ്ങൾ എന്നിവ കാണാനും ആസ്വദിക്കാനും അവസരമൊരുക്കുക.
- കലാമണ്ഡലം പോലുള്ള സ്ഥല സന്ദർശനം.
- പ്രതിമാസ പരിപാടികൾ.
- പാഠഭാഗങ്ങൾ പ്രതിപാദിക്കുന്നതും കുട്ടികൾക്ക് ക് ആസ്വദിക്കാൻ അവ സരം കുറഞ്ഞതുമായ കലാരൂപങ്ങൾക്ക് മുൻഗണന.

**5. നാടകവേദി:**

അഭിനയത്തിൽ താൽപര്യമുള്ളവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുക. സ്കൂൾ ഓഫ് ഡ്രാമയിലെ പ്രവർത്തകരെ ഉൾക്കൊള്ളിച്ച് പ്രവർത്തനം, നാടകകൂട്ടായ്മ, നാടകക്യാമ്പ്, നാടകക്കളരി എന്നിവ നടത്തുക. പ്രധാന നാടകങ്ങൾ ചർച്ച ചെയ്യാൻ അവസരം.

**6. കഥ, കവിത, ക്യാമ്പുകൾ:**

പാഠഭാഗത്തെ ആസ്പദമാക്കിയതും പൊതുസ്വഭാവമുള്ളതുമായ കഥ, കവിത തുടങ്ങിയവ ക്യാമ്പുകളിൽ പരിചയപ്പെടുത്തുന്നു. 2, 3 ദിവസം നീണ്ടുനിൽക്കുന്നതാണ് ക്യാമ്പ്.

കവിയരങ്ങ്, കഥയരങ്ങ് എന്നിവ ഒ.എസ്.എ., അധ്യാപകർ, കവികൾ, എഴുത്തുകാർ എന്നിവരെ ഉപയോഗിച്ച് നടത്താം. വിദ്യാരംഗം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താം.

**7. പാവനാടകം, ഒറിഗാമി:**

- വിവിധതരം പാവ നിർമ്മിതികൾ.
- പാവനാടകങ്ങൾ അവതരിപ്പിക്കൽ.
- കരകൗശല വിദഗ്ധരുടെയും പാവനാടക വിദഗ്ധരുടെയും സേവനം ഉപയോഗിക്കാം.

**8. സംഗീത ഉപകരണപഠനം:**

- അധ്യയന വർഷാരംഭത്തിൽ താൽപര്യമുള്ളവരെ കണ്ടെത്തൽ.

- പ്രതിവാര ക്ലാസ്സുകൾ വിദഗ്ധരായ അധ്യാപകരെ നിയമിക്കുക.
- വർഷാവസാനം കുട്ടികളുടെ അരങ്ങേറ്റം സംഘടിപ്പിക്കുക.

**9. ഫിലിം ക്ലബ്ബ്:**

- ലോകപ്രശസ്ത സംവിധായകരുടെ മികച്ച സിനിമകൾ പ്രദർശിപ്പിക്കുക.
- വർഷത്തിലൊരിക്കൽ 2 ദിവസം നീുനിൽക്കുന്ന ഫിലിം ഫെസ്റ്റിവൽ.
- വർഷത്തിൽ ഒരു ഷോർട്ട് ഫിലിം പുറത്തിറക്കൽ.

**10. ദിനാചരണങ്ങൾ:**

- അധ്യയന വർഷം ആചരിക്കേ ദിനങ്ങളുടെ കലർ തയ്യാറാക്കുക.
- പൊതുവായത്, വിഷയാടിസ്ഥാനം എന്നിങ്ങനെ തരംതിരിക്കുക.
- കുട്ടികളുടെ പങ്കാളിത്തം, ആസൂത്രണം എന്നിവ ഉറപ്പ് വരുത്തണം.

**11. സ്കൂൾ വാർഷികം:**

- നാടിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്നതരത്തിൽ ഡിസംബർ ഏപ്രിൽ മാസത്തിലൊന്നിൽ വാർഷികം.
- കുട്ടികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുക.
- കുട്ടികളുടെ പ്രകടനങ്ങൾ.

**12. സോവനീർ:**

- സ്കൂൾ പ്രവർത്തനങ്ങലുടെ സോവനീർ തയ്യാറാക്കി മാർച്ചിലോ, വാർഷികത്തിനോ പുറത്തിറക്കുക. അതിൽ സ്കൂളിന്റെ മികവ്, കുട്ടികളുടെ പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടുത്തണം.

**13. സ്കൂൾ റേഡിയോ:**

സ്കൂൾ അസംബ്ലിയിൽ വാർത്താവതരണം, എഫ്.എം. പാട്ടുകൾ എന്നിവ വിദ്യാർത്ഥികളെക്കൊ് ചെയ്യിക്കാം. സാങ്കേതികവിദ്യയിൽ അവസരം ലഭിക്കാൻ ഇത് സഹായിക്കും.

**14. സൗന്ദര്യവൽക്കരണം:**

ലൈബ്രറി പുസ്തകങ്ങൾ വായിക്കാനുള്ള വായനാക്കുടിൽ, വൈവിധ്യപാർക്ക്, അക്ഷരപാർക്ക് നിർമ്മാണം.

**15. ഫോക്‌ലോർ:**

നാടിന്റെ പൈതൃകം അറിയുന്നതിന് ഫോക്‌ലോർ സഹായിക്കും. നാടൻപാട്ട്, പഴഞ്ചൊല്ല്, കടങ്കഥ, അനുഷ്ഠാന കലകൾ എന്നിവയെ പ്രോത്സാഹിപ്പിക്കാൻ കഴിയും.

- കുട്ടികളുടെ പ്രകടനങ്ങൾ.
- കുട്ടികളുടെ പ്രകടനങ്ങൾ.

## മേഖല: സാമൂഹികം

**1. വിദ്യാലയ വികസനസമിതി:**

പദ്ധതി രൂപീകരണം, നിർവഹണം എന്നിവ സമയബന്ധിതമായി നടത്തണം.

**2. പൂർവ്വ വിദ്യാർത്ഥി സംഘടന:**

അക്കാദമിക, കലാ,കായിക, പ്രവൃത്തിപരിചയം എന്നിവയിൽ വിദഗ്ധരായ പൂർവ്വവിദ്യാർത്ഥികളെ കണ്ടെത്തുക. ലൈബ്രറി വികസനം, വാർഷിക കൂടിച്ചേരൽ, സംഘടന രജിസ്റ്റർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ.

**3. എസ്.എസ്.ജി:**

പാഠ്യപദ്ധതി വിനിമയത്തിൽ ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കണം. പി.ടി.എ, എസ്.എം.ഡി.സി. എന്നിവരുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തണം.

**4. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ:**

പ്രാദേശിക ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക. ലൈബ്രറി പ്രവർത്തനം ശാക്തീകരിക്കാൻ ലൈബ്രേറിയന്മാരുടെ സഹായം ലഭിക്കും. കലാ,കായിക പ്രവർത്തനങ്ങൾക്ക് ഇവരുടെ സഹായം ലഭ്യമാകും.

**5. ത്രിതല പഞ്ചായത്ത്:**

പരിപാടികൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയവയുടെ സഹായത്തോടെ വേണം.

**6. എം.പി, എം.എൽ.എ:**

ജനപ്രതിനിധികളുടെ ഫ് ഉപയോഗിച്ച് ലൈബ്രറി, കലാ, കായിക, സാംസ്കാരിക പരിപാടി സംഘടിപ്പിക്കൽ.

പൂർവ്വാധ്യാപകർ, പി.ടി.എ, സി.പി.ടി.എ, എസ്.എം.സി എന്നിവ വർഷാംരംഭം മുതൽ പ്രവർത്തനമാരംഭിക്കണം.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **വിഷയം : കലാവിദ്യാഭ്യാസം, സാംസ്കാരികം.**

**പ്രശ്നം: 1 കലാ-സാംസ്കാരിക പാരമ്പര്യം തിരിച്ചറിയലും, ഇടപെടലും.**
**(സ്കൂൾ നാടകവേദി, ഫിലിം ക്ലബ്ബ്)**

**ലക്ഷ്യം : പഠനപ്രവർത്തനത്തിൽ നാടകം, സിനിമ കലകളുടെ ഉപയോഗവും, ആവശ്യവും തിരിച്ചറിയുക.**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * പദ്ധതിയുടെ ആശയരൂപീകരണം. | കലാ-സാംസ്കാരിക കമ്മിറ്റി | ജൂലൈ-2018 | - | - |
| * നാടകപ്രവർത്തകരുടെ കൂട്ടായ്മ. | ” | ജൂലൈ-18 | 5000/- | പി.ടി.എ |
| * നാടകക്കളരി. | ” | ആഗസ്ത്-18 | 5000/- | പി.ടി.എ |
| * നാടകവേദി രൂപീകരണം. | ” | ആഗസ്ത്-18 | - | പി.ടി.എ |
| * സിനിമാ നിർമ്മാണക്കളരി/ ശില്പശാല | ” | ഒക്ടോബർ-18 | 5000/- | പി.ടി.എ |
| * ഫിലിം ക്ലബ്ബ് രൂപീകരണം. | ” | ഒക്ടോബർ-18 | - | - |
| * ഫിലിം ഫെസ്റ്റ് | ” | നവംബർ-18 | 10,000/- | പി.ടി.എ |
| * ബ്ലോഗ് നിർമ്മാണം. | | ജൂൺ-18 | - | - |
| | | | 25,000/- | |

പ്രശ്നം: 2. ആർട്ട് ടാലന്റ് ക്ലബ്ബ്.

ലക്ഷ്യം : വിദ്യാർത്ഥികളുടെ താൽപര്യമേഖല കണ്ടെത്തലും പരിപോഷിപ്പിക്കലും, പ്രതിവാര ക്ലാസ് നൽകലും.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * പ്ലാനിംഗും കമ്മിറ്റി രൂപീകരണവും. | സ്റ്റാഫ് | 2018 ജൂൺ | - | - |
| * കുട്ടികളുടെ സാംസ്കാരിക-കലാ താൽപര്യ മേഖലകൾ കണ്ടെത്തൽ. | അധ്യാപകർ, രക്ഷിതാക്കൾ, കലാ-സാംസ്കാരിക കമ്മിറ്റി | 2018 ജൂൺ | 1000/- | പി.ടി.എ. |
| * കലാമേഖലയ്ക്കനുസരിച്ച് കുട്ടികളെ ഗ്രൂപ്പാക്കൽ, അധ്യാപകർക്ക് ചുമതലകൾ നൽകൽ. | സ്റ്റാഫ്, കലാ-സാംസ്കാരിക കമ്മിറ്റി | ജൂലൈ-18 ആദ്യവാരം | - | - |
| * പ്രതിവാര ക്ലാസ്. | ” | തുടർച്ചയായി. | 75,000/- | വിദ്യാലയ വികസനമിതി |
| * വിലയിരുത്തൽ. | ” | പ്രതിമാസം | - | - |
| | | | 76,000/- | |

**സാമ്പത്തികം**

കലാ-സാംസ്കാരിക രംഗത്തെ വളർച്ചയ്ക്ക് ആകെ വരുന്ന തുക

35000 +
76000
**1,01,00**

## സാമൂഹ്യശാസ്ത്രം

**ആമുഖം**

മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ വിഷയമാക്കുന്നത്. ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം തുടങ്ങി അഞ്ച്, ആറ്, ഏഴ് ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ പഠനവിഷയങ്ങൾ ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാനവിക വിഷയങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ച ചെയ്തുകൊ് മാത്രമേ പദ്ധതി രൂപീകരണവും പ്രശ്ന നിർണ്ണയവും സാധ്യമാകൂ. മാനവിക വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പരിസവും പഠനവിഷയമാക്കണം. ഈ വിഷയവുമായി കുട്ടികൾ, അധ്യാപകർ, സംവിധാനം എന്നിവർ നേരിടുന്ന ഭൗതിക, അക്കാദമിക, സാമൂഹിക പ്രശ്നങ്ങൾ കത്തെി അവ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതിയും രൂപരേഖയുമാണ് ചുവടെ ചേർത്തത്.

**പ്രശ്നങ്ങൾ:**

1. ക്ലാസ് മുറികളിൽ വിവരസാങ്കേതിക വിദ്യ ഉപയോഗിക്കാത്തതിന്റെ അപര്യാപ്തത.
2. സാമൂഹ്യശാസ്ത്ര ലാബിന്റെ അപര്യാപ്തത.
3. റഫറൻസ് പുസ്തകങ്ങളുടെ അപര്യാപ്ത.
4. പ്രകൃതി പ്രതിഭാസങ്ങളെ തിരിച്ചറിയാനും നിരീക്ഷിക്കാനുമുള്ള അവസരമില്ലായ്മ.
5. വ്യക്തിയും സമൂഹവും, സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലുള്ള കുറവ്.
6. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താത്തത്.
7. പൊതുവിജ്ഞാനത്തിന്റെ കുറവ്.
8. സാമൂഹിക ശാസ്ത്ര പഠനത്തോടുള്ള വിമുഖത.

**അക്കാദമികം:**

1. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്താത്തത്.
2. സാമൂഹ്യശാസ്ത്ര ലാബിന്റെ അപര്യാപ്തത.
3. റഫറൻസ് പുസ്തകങ്ങളുടെ അപര്യാപ്തത.

4. ചരിത്രബോധത്തിന്റെ കുറവ്.

5. സാമൂഹികശാസ്ത്ര പഠനത്തോടുള്ള വിമുഖത.

**സാമൂഹികം:**

1. പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താത്തത്.

2. വ്യക്തിയുംസമൂഹവും, സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലുള്ള കുറവ്.

3. പൊതുവിജ്ഞാനത്തിന്റെ കുറവ്.

4. പ്രകൃതി പ്രതിഭാസങ്ങളെ തിരിച്ചറിയാനും നിരീക്ഷിക്കാനുമുള്ള അവസരമില്ലായ്മ.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **വിഷയം : സാമൂഹ്യശാസ്ത്രം**

**പ്രശ്നം: 1. പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>* ഉപകരണങ്ങൾ ലഭ്യമാവുന്നില്ല.<br>* സമയക്കുറവ്.<br>* ഗൃഹപാഠങ്ങൾ നടക്കുന്നില്ല. | * കുട്ടികളുടെ അനുപാതങ്ങൾക്കനുസരിച്ച് കമ്പ്യൂട്ടറുകൾ ലഭ്യമാവണം.<br>* കൂടുതൽ പഠനോപകരണങ്ങൾ ലഭ്യമാക്കണം.<br>* പിരീഡുകളുടെ കാലദൈർഘ്യത്തിൽ വ്യത്യാസം വരുത്തണം. | * സ്കൂളിലെ എല്ലാ ക്ലാസ്റൂമിലും സ്മാർട്ട് ക്ലാസാക്കുക. |
| **അധ്യാപകർ:**<br>* ഐ.സി.ടി. പരിശീലന ക്ലാസുകൾ.<br>* പരിചയക്കുറവ്.<br>* സ്കൂൾ സമയക്രമീകരണത്തിന്റെ പ്രശ്നങ്ങൾ.<br>* പരിശീലനങ്ങൾ പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സഹായിക്കും. | * അധ്യാപകർക്ക് ഐ.ടി. അധിഷ്ഠിത പരിശീലനങ്ങൾ ലഭിക്കണം.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട സി.ഡി.കൾ, മറ്റ് പഠനോപകരണങ്ങൾ ലഭ്യമാക്കണം. | * ഐ.സി.ടി. അധിഷ്ഠിത പഠനതന്ത്രത്തിലുള്ള സ്കൂൾതല ശില്പശാലകൾ. |
| **സംവിധാനം:**<br>* ആവശ്യത്തിനുള്ള ഉപകരണങ്ങൾ സ്കൂളിൽ ഇല്ല.<br>* ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നിലവിലുള്ള ക്ലാസ് റൂമുകൾ പര്യാപ്തമല്ല. | * വിദ്യാലയത്തിൽ ആവശ്യത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം.<br>* എല്ലാ ക്ലാസ് റൂമുകളും ഐ.സി.ടി. ഉപകതരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സജ്ജമാക്കണം. | * സ്മാർട്ട് ക്ലാസ്റൂമുകൾ.<br>* കമ്പ്യൂട്ടർ ലാബ്.<br>* ഐ.ടി. ശില്പശാല. |
| **രക്ഷിതാക്കൾ:**<br>* പരിചയക്കുറവ്.<br>* ഐ.ടി. സംവിധാനങ്ങൾ വീടുകളിൽ ലഭ്യമല്ല. | * ഐ.ടി. അധിഷ്ഠിത പഠനം സ്കൂളുകളിൽ തന്നെ പൂർത്തീകരിക്കണം. | രക്ഷിതാവിന് ഐ.ടി. പരിശീലനം. |

**പ്രശ്നം: 2. പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്താത്തതും, പ്രകൃതി പ്രതിഭാസങ്ങളെ തിരിച്ചറിയാനും നിരീക്ഷിക്കാനുമുള്ള അവസരമില്ലായ്മ.**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:**<br>* പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കുറവ്.<br>* അവസരം ലഭിക്കാത്തത്.<br>* സമയക്കുറവ്. | * പ്രാദേശിക വിഭവങ്ങൾ സംരക്ഷിക്കുക.<br>* പരിസ്ഥിതി സംരക്ഷണ സെമിനാർ. | * പ്രാദേശികത വിഭവങ്ങൾ ക െ ത്തു ക .<br>* പ്രാദേശിക ചരിത്രരചന അഭിമുഖം. |
| **അധ്യാപകർ:**<br>* സൂക്ഷ്മതല ആസൂത്രണത്തിന്റെ അഭാവം.<br>* സമയക്കുറവ്.<br>* വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. | * സമയക്കുറവ് പരിഹരിക്കുക<br>*പിരിയഡുകളുടെ എണ്ണം കുറയ്ക്കുക.<br>* പ്രാദേശിക വിഭവങ്ങളുടെ സി.ഡി.കൾ ലഭ്യമാക്കുക. | * ഐ.ടി. സാധ്യതകൾ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്തുക.<br>* സന്ദർശനം (ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, പ്രദേശങ്ങൾ). |
| **സംവിധാനം:**<br>* സമയക്കുറവ്.<br>* ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.<br>* പി.ടി.എ, എസ്.എസ്.ജി തുടങ്ങിയ സംവിധാനങ്ങളുടെ ഇടപെടലിലുള്ള കുറവ്. | * പൊതുജനങ്ങൾ, പി.ടി.എ., ജി.എസ്.ജി തുടങ്ങിയസംവിധാനങ്ങളുടെ പിന്തുണ നേടിയെടുക്കുക.<br>* പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക. | * പരിസ്ഥിതി സൗഹൃദക്ലാസുകൾ.<br>* പ്രാദേശിക വിഭവ ഭൂപടം.<br>* പ്രാദേശിക വിഭവസംരക്ഷണ മ്യൂസിയം. |
| **രക്ഷിതാക്കൾ:**<br>* പരിചയക്കുറവ്.<br>* അറിവില്ലായ്മ. | * രക്ഷിതാക്കൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുക. | * പ്രാദേശിക വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട ക്ലാസുകൾ, സെമിനാറുകൾ സംഘടിപ്പിക്കുക. |

| പ്രശ്നം: 1. പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. എന്നിവ ഫലപ്രദമായിഉപയോഗിക്കുന്നില്ല. | | | | |
|---|---|---|---|---|
| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
| * സാമൂഹ്യശാസ്ത്രക്ലബ്ബ് രൂപീകരണം. | സാമൂഹ്യ ശാസ്ത്രം കൺവീനർ. | ജൂൺ ആദ്യം | - | - |
| * പഠനോപകരണങ്ങൾ (ഗ്ലോബ്, മേപ്പ്, അറ്റ്ലസ് തുടങ്ങിയവയുടെ ശേഖരം വർദ്ധിപ്പിക്കൽ) | ഹെഡ്മാസ്റ്റർ | ജൂൺ | 10,000/- | പി.ടി.എ |
| * അധ്യാപകർക്ക് ഐ.സി.ടി. ബോധവൽക്കരണക്ലാസ്. | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് | ജൂൺ | 2,000/- | പി.ടി.എ |
| * ഐ.സി.ടി. ഉപകരണങ്ങൾ ഉപയോഗിച്ച് ക്ലാസ് പ്രവർത്തനങ്ങൾ നടത്തുന്നു. | സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | ജൂൺ മുതൽ. | 3,00,00/- | പി.ടി.എ, എസ്.എസ്.ജി, എം.എൽ.എ, എം.പി |
| | | | **3,12,000/-** | |

| പ്രശ്നം: 2. 2. പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്താത്തതും, പ്രകൃതി പ്രതിഭാസങ്ങളെ തിരിച്ചറിയാനും നിരീക്ഷിക്കാനുമുള്ള അവസരമില്ലായ്മ. | | | | |
|---|---|---|---|---|
| **ഉപപ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
| * സാമൂഹ്യശാസ്ത്രം ക്ലബ്ബിന്റെ നേതൃത്വത്തിൽ സാമൂഹ്യവിഭവശേഖരണം. | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് | ജൂൺ | 5,000/- | പി.ടി.എ |
| * വീഡിയോ ശേഖരണം. | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് | ജൂൺ മുതൽ | 5,000/- | പി.ടി.എ |
